# കേരള
# പ്രൈവററ് കോളേജ് ടീച്ചർ

ഫെബ്രുവരി 4 മുതൽ
കോളേജധ്യാപകർ
പണിമുടക്കുന്നു.

എ. കെ. പി. സി. ടി. എ.
ജേർണൽ. 1980 ഡിസംബർ

ജേർണൽ
പ്രസിദ്ധീകരിക്കുന്ന

## വാർഷികപ്പതിപ്പിലേക്ക്

— ലേഖനങ്ങൾ

— കഥകൾ

— കവിതകൾ

അയയ്ക്കുക

മേൽവിലാസം
പുറംപേജിൽ

കേരള പ്രൈവററ് കോളേജ് ടീച്ചർ □ എ. കെ. പി. സി. ടി. എ. ജേർണൽ □ 24 □ 1980 ഡിസംബർ □ വാർഷിക വരിസംഖ്യ : അഞ്ചു രൂപ □ ഒററപ്രതി: അമ്പതു പൈസ □ പത്രാധിപസമിതി: വി. നാരായണൻകുട്ടി □ ജി. മാധവൻനായർ □ എൻ. ഭാർഗവൻ □ എം. ആർ. ചന്ദ്രശേഖരൻ □ പി. രവീന്ദ്രനാഥ് □ വി. എൻ. മുരളി (ചീഫ് എഡിററർ)

---

For Comfortable Stay

# KAYCEES

**the most modern and luxurious lodge**

Y. M. C. A. Road, KOTTAYAM

Phone: 3440

# സമരപ്രചാരണം വിജയിപ്പിക്കുക

കേരളത്തിലെ കോളേജധ്യാപകർ ഫെബ്രുവരി 4 മുതൽ അനിശ്ചിതകാലപണിമുടക്കു സമരം ആരംഭിക്കുകയാണ്. ഗവൺമെൻറ് കോളേജധ്യാപകരും പ്രൈവററ് കോളേജധ്യാപകരും സംയുക്തമായി ആരംഭിക്കുന്ന ഈ സമരത്തിനാധാരമായ പ്രശ്നങ്ങൾ കുറേ വർഷങ്ങളായി സംഘടനകൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നവയാണ്. എ.കെ.പി.സി.ടി എ. യും എ.കെ.ജി.സി ടി.യും ഒററയ്ക്കും കൂട്ടായും പലവിധ സമരങ്ങളും ഈ ആവശ്യങ്ങൾ മുൻനിർത്തിനടത്തിയിട്ടുണ്ട്. അവകൊണ്ടൊന്നും പരിഹാരമുണ്ടാകാത്തതിനാലാണ് പണിമുടക്കിലേക്കു നീങ്ങാൻ സംഘടനകളുടെ സംയുക്ത പ്രവർത്തകസമിതിയോഗം തീരുമാനമെടുത്തത്.

ഞങ്ങൾ ഉന്നയിക്കുന്ന പ്രധാന ആവശ്യം യു. ജി. സി. സ്കെയിലാണ്. കഴിഞ്ഞ ഏഴുവർഷമായി കേരളത്തിലെ കോളേജധ്യാപകർ നിരന്തരം ആവശ്യപ്പെട്ടുപോരുന്നതാണ് യു.ജി.സി. സ്കെയിൽ. മെച്ചപ്പെട്ട വേതനം എന്നനിലയിൽ മാത്രമല്ല ഈ സ്കെയിലിനെ അധ്യാപകർകാണുന്നത്. സെൻകമ്മീഷൻെറ ശുപാർശകൾ സ്വീകരിച്ചുകൊണ്ട് സർവ്വകലാശാലാ ഗ്രാൻറ്സ് കമ്മീഷൻ ഈ സ്കെയിലിനുരൂപം നൽകിയതും, എല്ലാ സംസ്ഥാനങ്ങളിലും ഈ സ്കെയിൽ നടപ്പിലാക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചതും ഉന്നതവിദ്യാഭ്യാസത്തെ പൊതുവിലുള്ള പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടാണ്. ശാസ്ത്രീയമായി പുനർനിർണ്ണയംചെയ്ത യു.ജി.സി സ്കെയിൽ വിദ്യാഭ്യാസരംഗത്തുണ്ടാകേണ്ട ഏകീകരണപ്രക്രിയയെ സഹായിക്കും. യു. ജി. സി. ഒരു ശമ്പളക്കമ്മീഷനല്ലാതിരുന്നിട്ടും വിദ്യാഭ്യാസനിലവാരം ഉയർത്തണമെങ്കിൽ വേതനം ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്യണമെന്നു മനസ്സിലാക്കിയതുകൊണ്ടാണ് ഈ സ്കെയിൽ നിർദ്ദേശിച്ചത്. ഇന്ത്യയിലാകമാനമുള്ള കോളേജധ്യാപകരെ ഒരു ഏകീകൃത ശമ്പളഘടനയിൽ കൊണ്ടുവരുവാനാവിഷ്കരിച്ച യു.ജി.സി. സ്കെയിൽ ഇനി കേരളത്തിൽ മാത്രമേ നടപ്പിലാക്കുവാനുള്ളൂ. അഖിലേന്ത്യാതലത്തിൽ ഈ സ്കെയിൽ പരിഷ്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സമരം 'ഐഫക്ടോ'യുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുമുണ്ട്. കേരളത്തിൽമാത്രം ഈ സ്കെയിൽ നടപ്പിലാക്കാതിരിക്കാൻ യാതൊരുകാരണവുമില്ല. മറെറല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കിയിരിക്കുന്നതുകൊണ്ടുതന്നെ എത്രയും പെട്ടന്ന് കേരളത്തിലും പൂർവ്വകാലപ്രാബല്യത്തോടെ ഇതു നടപ്പിലാക്കാൻ ഞങ്ങൾ ഗവൺമെൻറിനോടാവശ്യപ്പെടുന്നു.

കേരളത്തിൽ മുമ്പുണ്ടായിരുന്ന സർക്കാർ, യു.ജി.സി. സ്കെയിലിനുവേണ്ടി സമരം ചെയ്ത അധ്യാപകർക്ക് അതു നല്കിയില്ലെന്നുമാത്രമല്ല, സമരത്തെനേരിടാനായി ലോകത്തു മറെറങ്ങും കേട്ടുകേൾവിപോലുമില്ലാത്ത ഒരു കരിനിയമം സൃഷ്ടിക്കുകയും ചെയ്തു—ഒരു ദിവസത്തെ (ഒരു മണിക്കൂറായാലും) പണിമുടക്കിന് രണ്ടുമാസശമ്പളം തടയുന്ന യൂണിവേർസിററി നിയമഭേദഗതി! ആ സർക്കാരും, ആ അന്തരീക്ഷവും ഒക്കെ മാറിവന്നിട്ടും ആരേയും നാണിപ്പിക്കുന്ന ആ നിയമം ഇപ്പോഴും നിലനിൽക്കുകയാണ്. ഒരു നിമിഷം വൈകാതെ അത് എടുത്തുകളയണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ആ കരിനിയമം വരുന്നതിനുമുമ്പേതന്നെ ജീവനക്കാരുടെ സമരത്തെ അടിച്ചമർത്താനായി ഉപയോഗിച്ചുപോരുന്ന ഡൈസ്നോണും എടുത്തുകളയണം.

നോൺകേഡർ ഒന്നാം ഗ്രേഡ് പ്രൊഫസർഷിപ്പനുവദിക്കണമെന്ന ആവശ്യവും സംഘടനകൾ ഏറെക്കാലമായി ഉന്നയിക്കുന്നതാണ്. ഒരു ജീവനക്കാരന് കുറഞ്ഞത് രണ്ടു പ്രൊമോഷനുള്ള സാധ്യതയെങ്കിലും ഉണ്ടായിരിക്കണമെന്ന് ചന്ദ്രഭാനുകമ്മീഷൻ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ കോളേജധ്യാപകരിൽ ബഹുഭൂരിപക്ഷത്തിനും ഇന്നതിനവസരമില്ല. തുല്യയോഗ്യതയും തുല്യജോലിയും

(ശേഷം 14-ാം പേജിൽ)

ജീപ്പ്ജാഥകൾ □ ജനുവരി 24 ന് തിരുവനന്തപുരത്തു പ്രകടനം

# വിദ്യാഭ്യാസരംഗത്ത് അഴിച്ചുപണി ആവശ്യം

## സി. അച്ചുതമേനോൻ

വിദ്യാഭ്യാസരംഗത്ത് സമൂലമായ അഴിച്ചുപണി ആവശ്യമാണെന്നും, ഈ രംഗത്തു വരുത്തേണ്ട പരിഷ്ക്കാരങ്ങൾ വിദ്യാർത്ഥികളുമായി നിരന്തരം ഇടപഴകുന്നവർ എന്ന നിലയിൽ അധ്യാപകർ മുന്നോട്ടുവയ്ക്കേണ്ടതാണെന്നും മുൻ കേരളാ മുഖ്യമന്ത്രി ശ്രീ. സി. അച്ചുതമേനോൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

എ. കെ. പി. സി. ടി. എ. വെൽഫയർ ട്രസ്റ്റിൽ നിന്നുള്ള പതിനായിരം രൂപയുടെ ധനസഹായം, ശ്രീകൃഷ്ണാകോളേജിലെ അധ്യാപികയായിരിക്കെ അന്തരിച്ച ശ്രീമതി കെ. സി. സുലേഖയുടെ കുട്ടികൾക്കു നൽകുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ശ്രീ. അച്ചുതമേനോൻ. തൃശൂരിലെ സാഹിത്യ അക്കാദമി ആഡിറേറാറിയത്തിൽ നവമ്പർ 27 ന് നടന്നചടങ്ങിൽ പ്രൊഫ. എ.കെ രാഘവൻനമ്പ്യാർ അധ്യക്ഷതവഹിച്ചു. കോളേജ് അധ്യാപകരുടെ അവകാശങ്ങൾ നേടിയെടുത്തിട്ടുള്ള എ. കെ. പി. സി. ടി. എ, ക്ഷേമ നിധിപോലുള്ള പരിപാടികൾ ആവിഷ്കരിച്ചതിൽ ശ്രീ. അച്ചുതമേനോൻ സന്തുഷ്ടിപ്രകടിപ്പിച്ചു. അധ്യാപകർ എല്ലാവരും ഇതിൽ അംഗങ്ങളാകുവാൻ അദ്ദേഹം ഉദ്ബോധിപ്പിച്ചു. വെൽഫയർ ട്രസ്റ്റുപോലുള്ള സംരംഭങ്ങൾ അധ്യാപകരുടെ ഇടയിൽ വ്യാപകമാക്കണമെന്ന് ദീപിക സബ് എഡിററർ ശ്രീ ഡേവീസ്കണ്ണനായ്ക്കൽ പറഞ്ഞു. പ്രൊഫ. ആർ. ആർ. സി. നായർ, ശ്രീ. പി. പീതാംബരമേനോൻ (ജില്ലാപ്രസിഡൻറ്, എൻ. ജി. ഒ. യൂണിയൻ) പ്രൊഫ. എൻ.ജെ. ജേക്കബ്ബ്, പ്രൊഫ. എൻ. ഭാർഗവൻ എന്നിവരും യോഗത്തിൽ സംസാരിച്ചു. എ.കെ പി സി.ടി. എ. ജനറൽ സെക്രട്ടറി പ്രൊഫ. ജി. മാധവൻനായർ സ്വാഗതവും സെക്രട്ടറി ശ്രീ. തോളൂർ ശശിധരൻ കൃതജ്ഞതയും പറഞ്ഞു. □

ഗുരുവായൂർ ശ്രീകൃഷ്ണാ കോളേജിൽ അധ്യാപികയായിരിക്കെ അന്തരിച്ച ശ്രീമതി കെ. സി. സുലേഖയുടെ കുടുംബത്തിന് എ. കെ.പി.സി.ടി.എ. ക്ഷേമനിധിയിൽനിന്നുള്ള പതിനായിരം രൂപാ ധനസഹായം മുൻമുഖ്യമന്ത്രി ശ്രീ. അച്ചുതമേനോൻ ശ്രീമതി സുലേഖയുടെ മകളെ ഏൽപിക്കുന്നു. എ.കെ.പി.സി.ടി.എ. സെക്രട്ടറി തോളൂർ ശശിധരനും ജില്ലാസെക്രട്ടറി പ്രൊഫ. എം. കെ. പത്മനാഭനുമാണ് സമീപം.



# Democratization of University Education

## Vis-a-vis Relevant articles of the Constitution of India

t. g. menon

*(Contd. from the previous issue)*

Article 30 is couched in terms absolute and it is unqualified. But the Supreme Court ruled that though it is absolute, some regulations can be made in the interest of efficieny of instruction, discipline, health, sanitation and the like. Only regulations and not restrictions are permissible on the right guaranteed under Article 30(1) and even these regulations must be regulations in the interest of the minority institutions themselves, and not in the interest of the general public. The question when a regulation widens into a restriction, or when a restriction straitens into a regulation must necessarily be a process of judicial ingenuity. (K. L. T. 461, 1976)

When this ingenuity was used by various states in democratising the Educational field during the past 15 years, the result was that almost all the enactments attempting regulations on the educational institutions shattered to smithereans by striking against this rock of Article 30(1). The elaboration of meaning and ambit and scops given by the Supreme Court were generally based on the Judgement on Kerala Education Bill. Here it has to be mentioned that some judges have taken great exception to the injection of twisted meanings into the Article and their minority judgements are worth reading. Yet the position is that Article 30 (1) has given a position of autonomy to the minority institutions. This position creates two types of institutions in the country—Minority institutions and non-minority institutions. The minority institutions have a privileged position, they cannot be nationalised, they cannot be strictly disciplined even if they become recalcitrant, they have extra rights in many matters of the organisation of the institution and they are to administer their institution without let or hinderance from any quarters, while the other institutions are fully at the mercy of enactments.

### Some features of the Art. 30 (1)

The term Minority itself is not defined in the constitution. The courts ruled that

numerical minority within the state which enacts a law should be considered as a minority. The Hindus in Kashmir, the Hindus in Punjab the Christians in Kerala and othe states, the Muslims in all states except Kashmir are minorities. The Sikhs in all states except Punjab are minority. The Malayalis of other states are minorities. The Tamils of the other states except Tamilnadu are minorities. Thus we can categories many minorities. Here again, the definition of minority is a matter of dispute among scholars, though the Supreme Court has ruled it based on numerical calculation.

It was after the first World war that the problem of minorities came forward as a major problem in Europe. In India, before the partition and after the partition of the country, the apprehensions of the minorities had to be removed and the ideals proclaimed and accepted by the national movement had to be incorporated in the constitution. Hence Articles to protect the interests of the minorities as incorporated in the constitution. According to Sri. B. Shiv Rao, whose monumental work on the proceedings of the constituent Assembly and the constitution making, Art. 30 was not there in the original draft of the constitution It was Sri. K. M. Munshi, a member of the drafting committee who in a letter to the committee on Minority matters presided over by Sardar Patel, mentioned that the right to establish educational institutions should be given to the minorities. At the last sittings of the finalisation of the constitution, the Art. 30 was incorporated. It is doubtful whether the founding fathers had even dreamt of that this article would regin supreme over the whole Educational Field and work as a Hydrolic brake on the national educational democratisation. While Art. 25 gives the right to establish and maintain institutions for religious and charitable purposes, and Art. 29 gives the conserve the language script and culture of the minorities the need to give the absolute power or right to establish and administer the educational institutions is looked upon with askance by some constitutional experts. The constitutional duty of the state to give compulsory and free education at the primary level upto the age of 14 is found to be difficult by the state as there are some impediments cropping up from this article.

Now this single Article has become the war-cry of the educational monopolists. Their attitude and explanation can be summed up as follows in the words of Justice K. K. Mathew in the Minority case judgment :

"The fundamental postulate of personal liberty excludes any power of the state to standardise and socialise its children by forcing them to attend public schools only. A child is not a mere creature of the state. Those who nurture him and direct his destiny have the right coupled with the high duty to recognize and prepare him for additional obligations... The parental right in education is the very pivotal point of a democratic system. It is the touchstone of difference between democratic education and monolithic system of cultural totalitarianism. When the modern state with its immense power embarks upon the mission of educating its children, the whole tendency is towards state monopoly. The fundamental right of the religious and linguistic minorities to estblish and administer educational institutions of their own choice *is the only legal*

*barrier to confine the bursting expansionism of the new Educational Leviathan.* (Para 141 and 142 of the judgement in Minority case.)

Though we affirm that we are Secular in the affairs of public administration and at all the levels of Govt., our Constitution in many parts does not keep away religious matters from state activities.

Justice K. K. Mathew vigorously put it in the Minority case as follows; "Our constitution has not erected a rigid wall of seperation between Church and state. We have grave doubts whether the expre– ssion" "Secular state" as it denotes a definite pattern of church and state relationship can with propriety be applied to India. It is only a qualified sense that India can be said to be a secular State. There are provisions in the constitution which make one hesitate to characterise our state as secular" (para 139).

At another place the learned judge says: "The concept of common pattern of secular education needs to be brought down to the earth of reality and divested of its fuzzy mystification. The concept has nothing to do with an artificial government–promoted levelling of all differences. The public school is not a temple in which all children are to be baptized into unity of secular democratic faith,

---

## പ്രൊഫ. ടി. ഗോപാലകൃഷ്ണന് സ്വീകരണം



ശാസ്താംകോട്ട ഡി. ബി. കോളേജ് എ.കെ.പി.സി.ടി.എ. ബ്രാഞ്ച്, സിൻഡിക്കേറ്റ് മെമ്പർ പ്രൊഫസർ. ടി. ഗോപാലകൃഷ്ണന് സ്വീകരണം നൽകിയ യോഗത്തിൽ ബ്രാഞ്ച് സെക്രട്ടറി എസ്. എസ്. ബി. ആർ. പ്രസാദ് കൃതജ്ഞത പറയുന്നു.

എ. കെ. പി. സി. ടി. എ. സെക്രട്ടറി എൻ. എം. ജോസഫ്, കെ. ആർ. സി. നായർ (പ്രിൻസിപ്പൽ), പി. ചന്ദ്രശേഖരപിള്ള, പി. സുകുമാരപിള്ള, ആർ. സോമരാജൻ, പി. സുകുമാരൻ എന്നിവർ യോഗത്തിൽ സംസാരിച്ചു.

while those who stand without are faintly heretical."

These observafions of the Judge are only putting us in a puzzle as to where the nation and its ideals are going in the matter of education and what kind of a forest we are to create in the field of education.

Actually this kind of attack upon secularism and secularist education is the crux of the problem-whether it be in the matter of democratization or creation of national integration in the country. If educational institutions are to be the breeding stations of obscurantist, sectarian and divisive forces and philosophy throuh coloured general education, and if the very Institutions are to be managed and administered by obscurantists as provided by Art. 30(1), how can We build a democratic, socialistic and secular society in India ? This problem is the look out of the intellectuals of India and connot be left to the narrow interpretations given by the courts.

**Some interpretations of Art. 30 (1) which stand in the way of Democratisation of Education in some way or other.**

According to the interpretations given in the Case Laws :

1. It is not necessary that the members of the minority community are Indian Citizens. An Educational institution may even be established by alien residents in India and claim the protection of Art. 30(1). (S. K. Patro, V. State of Bihar 1970)

*(Contd. page 17)*

---

**ഫെബ്രുവരി 4 മുതൽ**
**കോളേജധ്യാപകർ**
**പണിമുടക്കുന്നു :**

- ☐ യു. ജി. സി. ശമ്പളനിരക്കുകൾ മുൻകാലപ്രാബല്യത്തോടെ നടപ്പിലാക്കുക.
- ☐ യൂണിവേർസിററി നിയമഭേദഗതി റദ്ദുചെയ്യുക.
- ☐ നോൺകേഡർ ഒന്നാം ഗ്രേഡ് പ്രൊഫസർഷിപ്പനുവദിക്കുക.
- ☐ ജൂനിയർ ലക്ചറർ / ട്യൂട്ടർ / ഡമോൺസ്ട്രേററർ സർവീസ് മുഴുവനും നോൺ കേഡർ പ്രൊമോഷനു പരിഗണിക്കുക.
- ☐ ഏൺഡ് ലീവ് അനുവദിക്കുക.
- ☐ ഗവൺമെൻറു കോളേജുകളിൽ ആകെ സർവ്വീസിൻെറ അടിസ്ഥാനത്തിൽ സീനിയോറിററി നിശ്ചയിച്ച് പ്രിൻസിപ്പൽമാരെ നിയമിക്കുക.
- ☐ കോർപ്പറേററ് മാനേജുമെൻറിൽ സ്ഥലംമാററങ്ങൾക്ക് വ്യക്തമായ മാനദണ്ഡം ഉണ്ടാക്കുക.
- ☐ ഡൈസ്നോൺ പൂർവകാല പ്രാബല്യത്തോടെ പിൻവലിക്കുക.

## UNIVERSITY NEWS

The meeting of the Syndicate of the University of Kerala held on 1–11–1980 accepted the pertinent arguments conta– ined in the letter No. T. S./S. C.–1–/$Fl_2$/ 80 – 81 from Prof. T. Gopalakrishnan, member of the Syndicate, addressed to the Vice-chancellor and resolved to allow the teachers in the Colleges where shift system has been introduced to avail them- selves of Casual Leave for half–a–day on a day provided they have work in both the sessions of the day. The teachers in the Colleges where shift system has not been introduced can avail themselves of the same as before ☐

x x x x x x

Prof. T. Gopalakrishnan, member of the Syndicate has been nominated to the Press Advisory Committee of the Univer- sity of Kelala. The term of the committee is 4 years ☐

x x x x x x

Prof. T. Gopalakrishnan, member of the Syedicate, has been made a member of the Special Committee constituted for studying the working of autonomous colleges established in Tamil Nadu under Madras University and Madura Kamaraj University ☐

x x x x x x

A special meeting of the Syndicate standing committee on Teaching and Non- Teaching Staff of Private Colleges was held on 5–11–'80 to consider the quest- ions of simplifying the procedures being followed by the University of Kerala in regard to the approval of appointments and promotions of the teachers of Private Colleges and strengthening the Ac. F. Sections of the University which is entru- sted with the work of fixation of Staff strength and approval of appointment, promotions, etc. Prof. T. Gopalakrishnan, convenor of the Standing Committee pre- sented a Note for consideration by the meeting. (True Copy is given below). ☐

**Note to the syndicate standing committee on Teaching and Non-teaching Staff of Private Colleges**

There have been serious complaints of delay in getting appointments and promotions of teachers of Private Colleges approved by the University. The con– cerned teachers are aggrieved as they remain without salary for months together -for years together in some cases. At any rate their monthly salary can be claimed in the main bill itself only after getting their appointments approved permanently by the University.

The procedure now followed by the University of Kerala in regard to the approval of appointment as Jr. Lecturer is quite different from that followed by the University of Calicut. And this creates problems to the teachers working in Colleges affiliated to the University of Kerala – especially those teachers under the corporate managements as the teachers under them are transferred frequently from one University area to another. This Uni- versity approves an appointment as Jr.

Lecturer, irrespective of whether it is "on probation" or on temporary basis, first for the first academic year, i. e., till the end of May of the year in case the Service of the Teacher is not one terminating on the closing date of the Academic year for vacation. Then, after the fixation of staff strength for the succeeding year, the continuance of appointment of the teacher is approved for the next academic year. Again, after the completion of one year's approved Service as Jr. Lecturer and declaration of probation by the concerned management, permanent approval is given. By the time the appointment is approved permanently, promotion as Lecturer will become due—and approval for that has to be obtained.

The above procedure is quite complicated and time—consuming. Work in the Ac. F. Section of the University has greatly increased because of the complexity of the procedure.

The University of Calicut follows the following procedure in the matter of approval of appointments. Appointment against a substantive vacancy is approved only once. The wording is "The University approves the appointment of ...... as Jr. Lecturer...... (on probation) with effect from......in your college......" There is no practice, there, of approving the continuance of appointment after the first academic year nor is there the practice of giving permanent approval after declaration of probation. Only one approval is given to teachers appointed against substantive Vacancies.

It is quite possible to follow the procedure being followed by the University of Calicut in this regard here also. The following norm can be laid down.

1. Appointment made against a substantive/permanent Vacancy (that which arose during any year) can be approved without specifying the year(s) for which approval is given — i. e., without the suffix "for the year......"

2. Appointment made against a vacancy which is not substantive but the duration which is, say, 3 to 5 years, can be approved specifying the duration of the Vacancy.

3. Appointment made against a temporary vacancy, the duration of which exceeds 8 months, can be approved with reference to the duration of the vacancy, provided the appointment is one not terminating with the closing date of the academic year.

4. Appointment for specific period, the duration of the vacancy exceeding 6 months and ending with the last working day of the academic year can be approved specifing the duration of the vacancy / appointment.

Appointments by transfer can also be finalised and disposed of on the basis of the above norm.

The delay now caused in giving approval by the University has to be avoided. First appointments, promotions, etc., which are found to be in order, in all respects, have to be finalised and approved within two months from the date of receipt of the proposal in the University Office. If the proposal is found to be defective, all the defects in it have to be noted at one time and not piece by piece at different times, and communicated to the principal concerned to get the defects rectified.

There is delay in the matter of fixing the Staff strength also. Managements do not normally appoint teachers before getting the "Staff fixation". They blame the University. The delay now caused has to be avoided. Fixation proposals which are in order have to be finalised and disposed of within one month (at the most one and a half month) after, the receipt of the same in the University Office. Defects, if any, in them have to be noted, all at one time, and communicated for rectification within one month. The students are not to be put to difficulties because of the delay caused in fixing the staff pattern.

### Approval of Promotion as non-cadre professor

Promotion as non – cadre grade II professor is not a promotion in the strict sense of the term. As such there is no point in denying approval on the ground that the "appointment order" is not in the prescribed form. Here it is not an appointment, but only an upgradation of the post held by a teacher on completion of a prescribed period of total service as lecturer.

Again, those who were given exemption by the University to hold the post of lecturer will have to be given promotion– the relevant exemption order is in the University file; the teachers concerned are not to be asked to produce a copy of the exemption order provided there is necessary entry in their service book.

### Appointments to cadre posts provided for in the staff pattern prescribed in the University Ordinances

The formality of asking the managements/Principals to obtain specefic sanction for the creation of cadre posts – grade I and grade II / additional posts of grade II Professor in the P.G. Departments and II Language Departments has to be dispensed with. Appointments consistant with the staff pattern can be approved straightway.

### The question of strengthening the Ac.F. Section of the University

With the introduction of shift system in almost all the colleges this year and the sanctioning of new courses at the degree level on a massive scale, the work load in the Ac.F. Section has considerably increased. But there has been no corresponding increase in the number of staff in the section. The delay now caused is mostly due to the inadaquacy of staff in the section. The Section has to be strengthened by:–

1. Creating one additional section (from the present 5 to 6)
2. Posting one more Assistant Registrar (so that each Assistant Registrar can be given 3 sections on distribution)
3. Putting one Dy. Registrar in Exclusive charge of the Section. (Colleges are to be re-distributed among the Sections after creating one additional section.)

### Calculation of work load in Science Department

It is reported, now the work load in the Science Departments is calculated by the Section on the basis of the 1973 University scheme and syllabus and not on the basis of the scheme

and syllabus which are effective now. The work load for the years 1978-'79 1979-'80 and for subsequent years has to be calculated on the basis of the scheme and syllabus effective from the Academic Year 1978-'79 and fixation done accordingly.

The question of calculating the work load in language Departments, in departments imparting instruction in humanities at the pre-degree level as also the question of clubbing students in both the shifts for arriving at the total number of students which is the basis of fixation of the permissible number of teachers in a Department, etc., have to be examined and guide lines evolved.

Policy questions have to be brought to the syndicate for consideration and decision, without which circulars /Orders are not to be issued normally.

Prof. T. Gopalakrishnan
Convener, Standing Committee of the Syndicate on Teaching and Non-Teaching Staff of Private Colleges.

Trivandrum,
4–11–1980.

## എ. കെ. പി. സി. ടി. എ.
## എസ്. എൻ. കോളേജ് ടീച്ചേർസ് കോ-ഓർഡിനേഷൻ കൗൺസിൽ

### പുതിയ ഭാരവാഹികൾ

പ്രസിഡൻറ് : ഡോ. കെ. സുന്ദരേശൻ
വൈ: പ്രസിഡൻറ്: പ്രൊഫ. കെ. ഇ. എ. പത്മനാഭൻ
സെക്രട്ടറി : ശ്രീ. എൻ. ശിവരാജൻ
ജോ: സെക്രട്ടറിമാർ: ശ്രീ. ജെ. രവീന്ദ്രനാഥൻ നായർ
ശ്രീ. ശാർങ്ഗധരൻ

## '5'

ജേർണലിലേയ്ക്കുള്ള മാററർ ഓരോ മാസവും 5–ാംതീയതിക്കുമുമ്പുതന്നെ കിട്ടിയിരിക്കണം. കോപ്പികൾ വർദ്ധിപ്പിക്കാൻ എഴുതുമ്പോൾ അതും 5–ാംതീയതിക്കുമുമ്പുതന്നെ കിട്ടത്തക്കവണ്ണം അയയ്ക്കുക.

ചീഫ് എഡിററർ

## അക്കാദമിക് കൗൺസിൽ വിജയികൾക്ക് അനുമോദനം

തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജിൽ നിന്നും കാലിക്കട്ട് യൂണിവേർസിററി അക്കാദമിക്ക് കൗൺസിലിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ട പ്രൊഫ. എ. കെ. മുഹമ്മദിനേയും മഞ്ചേരി എൻ. എസ്. എസ്. കോളേജിൽ നിന്നും വിജയിച്ച പ്രൊഫ. എ. എൻ ശിവരാമൻനായരേയും പി. എസ്. എം. ഒ. കോളേജ് എ.കെ.പി.സി.ടി.എ. ബ്രാഞ്ച് അനുമോദിച്ചിരിക്കുന്നു. നവമ്പർ 25–ന് ചേർന്ന ബ്രാഞ്ചു യോഗത്തിൽ പ്രൊഫ. പി. എ. ലത്തീഫ് അദ്ധ്യക്ഷതവഹിച്ചു. പ്രൊഫ. എം. മുഹമ്മദ്, ശ്രീ. എൻ. ദാമോദരൻ, ശ്രീ. പി. എൻ. അബ്ദുറഹിമാൻ എന്നിവർ യോഗത്തിൽ സംസാരിച്ചു. ബ്രാഞ്ചു സെക്രട്ടറി ശ്രീ. എം.സി. അലി സ്വാഗതവും പ്രസിഡൻറ് ശ്രീ. ഏ. ബി. അബ്ബാസ് നന്ദിയും പറഞ്ഞു.

പ്രൊഫ. എ. എൻ. ശിവരാമൻനായരും. യോഗത്തിലേക്കു പ്രത്യേകം ക്ഷണിയ്ക്കപ്പെട്ട സംയുക്തസമരസമിതി മലപ്പുറം ജില്ലാ ജോയിൻറ് കൺവീനറും എ. കെ. ജി. സി. ടി. പ്രതിനിധിയുമായ പ്രൊഫ. ശാന്തകുമാരനും സമരപരിപാടികൾ പൂർണ്ണവിജയത്തിലെത്തിക്കാൻ അംഗങ്ങളെ ആഹ്വാനം ചെയ്തു.

## സമരം വിജയിപ്പിക്കും

എ.കെ.പി.സി.ടി.എ. മലപ്പുറം ജില്ലാ കമ്മററി, പ്രസിഡൻറ് പ്രൊഫ. എ. എൻ. ശിവരാമൻനായരുടെ അധ്യക്ഷതയിൽ കൂടി ഫെബ്രുവരി 4-മുതൽ ആരംഭിക്കുന്ന അനിശ്ചിതകാല പണിമുടക്കുസമരം വിജയിപ്പിക്കാൻ തീരുമാനിച്ചു. സമരഫണ്ടുപിരിവ് എത്രയും പെട്ടെന്നു നടത്തണമെന്നും നിശ്ചയിച്ചു.

കാലിക്കട്ട് യൂണിവേർസിററി അക്കാദമിക് കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥികളെ യോഗം അനുമോദിച്ചു. ഹിന്ദി, മലയാളം എന്നീവിഷയങ്ങളിൽ നമ്മുടെ സ്ഥാനാർഥികൾ പരാജയപ്പെട്ടത് സംഘടനയുടെ പ്രവർത്തനത്തിലുണ്ടായ പോരായ്മയാണെന്ന് യോഗം വിലയിരുത്തി.

മമ്പാട് കോളേജിലും,പി.എസ്.എം.ഒ കോളേജിലും മെമ്പർഷിപ്പിലുണ്ടായ വർദ്ധനവിൽ യോഗം സന്തോഷം പ്രകടിപ്പിച്ചു. പുതുതായി വരുന്ന അധ്യാപകരുടെ അപ്രൂവൽ പ്രശ്നത്തിൽ ഇന്നുണ്ടാകുന്ന കാലതാമസം ഒഴിവാക്കണമെന്നും, റീജിണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും ശമ്പള ബില്ലുപാസ്സാക്കികിട്ടുന്നകിൽ ഇന്നുള്ള കാലതാമസം ഒഴിവാക്കണമെന്നും ബന്ധപ്പെട്ട അധികാരികളോടാവശ്യപ്പെടുന്ന പ്രമേയങ്ങൾ യോഗം പാസ്സാക്കി. എല്ലാ എ.കെ.പി.സി.ടി. എ അംഗങ്ങളേയും വെൽഫയർട്രസ്ററിൽ ചേർക്കണമെന്ന് ബ്രാഞ്ച് സെക്രട്ടറിമാരോട് യോഗം ആവശ്യപ്പെട്ടു. അതുപോലെ അംഗങ്ങളെയെല്ലാം എ. കെ. പി. സി. ടി. എ. ജേർണലിൻെറ വരിക്കാരാക്കുവാനും യോഗം സെക്രട്ടിമാരോട് അഭ്യർത്ഥിച്ചു. സംഘടനയുടെ മലപ്പുറം ജില്ലാകൺവൻഷൻ ജനുവരിയിൽ പി. എസ്. എം. ഒ. കോളേജിൽവച്ചു നടത്തുവാനും തീരുമാനമെടുത്തു.

സെക്രട്ടറി എസ്. എ. അബ്ദുള്ളാക്കുഞ്ഞി യോഗത്തിൽ പങ്കെടുത്തവർക്ക് നന്ദി പറഞ്ഞു. □

---

### സമരഫണ്ട്

ഫെബ്രുവരി 4 മുതൽ ആരംഭിക്കുന്ന അനിശ്ചിതകാല പണിമുടക്കുസമരത്തിൻെറ ചെലവുകൾക്കായി ഓരോ അംഗവും 10 രൂപ വീതം നല്കേണ്ടതാണ്. എത്രയും പെട്ടെന്നു തന്നെ ഈ തുക പിരിക്കണമെന്ന് ബ്രാഞ്ച് സെക്രട്ടറിമാരോട് അഭ്യർത്ഥിക്കുന്നു.

ജനറൽസെക്രട്ടറി

---

## കേന്ദ്രീകൃതവാലേഷൻ

### സംഘടനാപ്രതിനിധികളുമായി ചർച്ച

ഡിസംബർ 2 ന് കാലിക്കട്ട് യൂണിവേർസിററിയും 5 ന് കേരളായൂണിവേർസിററിയും കേന്ദ്രീകൃതവാലേഷൻ സംബന്ധിച്ച് സംഘടനാപ്രതിനിധികളുമായി ചർച്ചനടത്തി. റെമ്യൂണറേഷൻ വർദ്ധിപ്പിക്കുക, ഏൺഡ് ലീവ് അനുവദിക്കുക, ക്യാമ്പ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നീ ആവശ്യങ്ങൾ സംഘടനാപ്രതിനിധികൾ ഉന്നയിച്ചു. ക്യാമ്പ് ഡയറക്ടർ, ചെയർമാൻ എന്നിവരുടെ അധികാര പരിധികൾ വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ടു. കുറേകൂടി ഫലപ്രദമായി കേന്ദ്രീകൃത വാലേഷൻ നടത്താൻ യൂണിവേർസിററികൾ തയ്യാറാകണമെന്നും സംഘടനാപ്രതിനിധികൾ അഭിപ്രായപ്പെട്ടു.

ജനുവരിയിൽ കൂടുന്ന 'IUCC' മീററിംഗിൽ റമ്യൂണറേഷൻ വർദ്ധനവു സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണെന്നും, ജനുവരിയിൽത്തന്നെ അതുസംബന്ധിച്ച പ്രഖ്യാപനമുണ്ടാകുമെന്നും കേരളായൂണിവേർസിററി ഉറപ്പുനൽകി.

ചർച്ചകൾ പൊതുവിൽ പ്രയോജനപ്രദമായിരുന്നു. □

(3–ാം പേജിൻെറ തുടർച്ച)

ഉള്ള ആളുകളെ രണ്ടുവർഷം ജൂനിയർ ലക്ചററായി നിലനിർത്തി ശിക്ഷിച്ചിട്ട് ലക്ചററാക്കുന്നത് ഒരു പ്രൊമോഷനല്ലല്ലോ. അതുകൊണ്ട് സ്ക്കൂളധ്യാപകർക്ക് ഇന്ന് സീനിയർ ഗ്രേഡുള്ളതുപോലെ കോളേജധ്യാപകർക്കും നോൺകേഡർ ഒന്നാം ഗ്രേഡ് പ്രൊഫസർഷിപ്പ് അനുവദിക്കണം.

ജൂനിയർ ലക്ചറർ / ട്യൂട്ടർ / ഡമോൺസ്ട്രേററർ സർവ്വീസ് മുഴുവനും നോൺകേഡർ പ്രൊമോഷന പരിഗണിക്കണമെന്ന ആവശ്യം അടുത്തകാലത്തുനടന്ന ചർച്ചകളിൽ ഗവൺമെൻറു പരിഗണിക്കുകയും രണ്ടുവർഷത്തെ സർവ്വീസ് കണക്കാക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. അത്രത്തോളം സ്വാഗതാർഹമാണെങ്കിലും, എത്രയോവർഷം ജൂനിയർ ലക്ചറൻമാരായി ജോലിനോക്കേണ്ടിവന്ന അധ്യാപകൻമാരുണ്ട്. നേരത്തേ സൂചിപ്പിച്ചതുപോലെ, തുല്യയോഗ്യതയും തുല്യജോലിയുമുള്ള അധ്യാപകർ മുമ്പ് അനുഭവിച്ചുപോന്ന ശിക്ഷ പൂർണ്ണമായി തിരുത്തിക്കിട്ടണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അതുകൊണ്ട് ജൂനിയർ ലക്ചറർ / ട്യൂട്ടർ / ഡെമോൺസ്ട്രേററർ സർവ്വീസ്മുഴുവനും പ്രൊമോഷനു പരിഗണിക്കണം.

പരീക്ഷാജോലികൾ വെക്കേഷൻകാലത്തുമാത്രമാണ് ഇന്നുനടക്കുന്നത്. അതുമൂലം അധ്യാപകർക്ക് അർഹതപ്പെട്ടവെക്കേഷൻ ഇന്നു നഷ്ടപ്പെടുകയാണ്. ഏൺഡ്ലീവ് അനുവദിക്കണമെന്ന ആവശ്യം അതുകൊണ്ടാണ് ഉന്നയിക്കുന്നത്. കെ. എസ്. ആർ. അനുസരിച്ച് (Rule 81, Sec 3 of part 1, K.S.R.) N.C.C. ട്രെയിനിങ്ങിനു പോകുന്നവർക്കും സമ്മർഇൻസ്ററിട്ട്യൂട്ടിൽ പങ്കെടുക്കുന്നവർക്കും ഏൺഡ് ലീവ് അനുവദിക്കുന്നുമുണ്ട്.

ഗവൺമെൻറ് കോളേജുകളിലെ പ്രിൻസിപ്പൽമാരെ നിയമിക്കുമ്പോൾ മൊത്തം സർവ്വീസ് കണക്കിലെടുക്കണമെന്നതാണ് മറെറാരാവശ്യം. ഇന്നുള്ള നിയമം അനുസരിച്ച് ദീർഘകാലം സർവ്വീസുള്ള അധ്യാപകർ വളരെക്കുറച്ചു സർവ്വീസുള്ള അധ്യാപകരുടെ കീഴിൽ ജോലിനോക്കേണ്ട സാഹചര്യം ഉണ്ടാകുന്നുണ്ട്.

